# പതിനാലാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.84 28.09.2016 ന് മറുപടിയ്ക്ക്.

## ടൂറിസത്തിന്റെ മറവിൽ മൃഗവേട്ട

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.കെ.അബ്ദു റബ്ബ്<br>ശ്രീ.അബ്ദുൽ ഹമീദ്.പി<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ<br>ശ്രീ.ടി.വി.ഇബ്രാഹിം | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) ടൂറിസത്തിന്റെ മറവിൽ വനങ്ങളിൽ മൃഗവേട്ട സജീവമാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) ടൂറിസത്തിന്റെ മറവിൽ വനങ്ങളിൽ മൃഗവേട്ട സജീവമാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഒറ്റപ്പെട്ട ചില സംഭവങ്ങൾ വയനാട് ജില്ലയിൽ നിന്നും റിപ്പോർട്ട് ചെയ്യുതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇക്കോ ടൂറിസത്തിന്റെ പേരിൽ വനത്തിനോട് ചേർന്നുള്ള എസ്റ്റേറ്റുകളിലും മറ്റും ഒരുക്കിയിട്ടുള്ള റിസോർട്ടുകൾ "ഹണ്ടിംഗ് ടൂറിസം" എന്ന പേരിൽ മൃഗവേട്ടയ്ക്ക് സൗകര്യമൊരുക്കുന്നു എന്ന ആരോപണം അന്വേഷിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ; | (ബി) "ഹണ്ടിംഗ് ടൂറിസം " എന്ന പേരിൽ മൃഗവേട്ടയ്ക്ക് സൗകര്യമൊരുക്കുന്നു എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ, ഇതുമായി ബന്ധപ്പെട്ട് വയനാട് ജില്ലയിൽ, വയനാട് വന്യജീവി സങ്കേതത്തിലെ മുത്തങ്ങ റെയിഞ്ചിലെ തോട്ടാമൂല ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിൽ മുക്കുത്തിക്കുന്ന് എന്ന സ്ഥലത്ത് പ്രവർത്തിക്കുന്ന ജംഗിൾ ഡെയ്സ് റിസോർട്ട് കേന്ദ്രീകരിച്ച് വന്യജീവികളെ വേട്ടയാടാൻ ശ്രമിച്ചതിന് തോട്ടാമൂല ഫോറസ്റ്റ് സ്റ്റേഷനിൽ 27.07.2016 ന് ഒ.ആർ.04/16, 30.07.2016 ന് ഒ.ആർ 05/16 എന്നീ കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഒ.ആർ 04/16 നമ്പർ കേസ്സിൽ 10 പ്രതികളേയും, ആയുധങ്ങളും വാഹനങ്ങളും കസ്റ്റഡിയിലെടുത്തിട്ടുണ്ട്. |

പുള്ളിമാനെ വേട്ടയാടിയ കുറ്റത്തിന് ഒ.ആർ 05/16 നമ്പർ കേസ്സ് രജിസ്റ്റർ ചെയ്തതിൽ 6 പ്രതികളിൽ 4 പ്രതികളേയും വാഹനവും കസ്റ്റഡിയിലെടുത്തിട്ടുണ്ട്. ടി കേസ്സുകളിൽ തുടരന്വേഷണം നടത്തി നിയമനടപടികൾ സ്വീകരിച്ചു വരുന്നു. കുറിച്ചിയാട് റെയിഞ്ചിൽ 4-ാം മൈൽ ഭാഗത്ത് 30.05.2016 ന് ഒരു പിടിയാനയെ വെടിവെച്ചു കൊന്ന കുറ്റത്തിന് ഒ.ആർ 02/2016 ആയി ഒരു കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷണം പുരോഗമിച്ചു വരുന്നു. ഈ കുറ്റകൃത്യം റിസോർട്ട് കേന്ദ്രീകരിച്ചാണ് നടന്നതെന്നാണ് പ്രാഥമിക സൂചനകളിൽ നിന്നും മനസ്സിലാകുന്നത്.

(സി) മൃഗവേട്ട തടയുകയും നടപടിയെടുക്കുകയും ചെയ്യേണ്ട ഉദ്യോഗസ്ഥർ ഇത്തരം റിസോർട്ടുകളിലെ നിത്യ സന്ദർശകരാണെന്നും ഇത്തരം വേട്ട കണ്ടില്ലെന്ന് നടിക്കുകയുമാണ് എന്നും ഉള്ള ആക്ഷേപത്തെക്കുറിച്ച് അന്വേഷിക്കുമോ?

(സി) ഇത്തരം ആക്ഷേപങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പരാതി ലഭിക്കുകയാണെങ്കിൽ അന്വേഷിച്ച് യുക്തമായ നടപടി സ്വീകരിക്കുന്നതാണ്.

Vatsala S.O

സെക്ഷൻ ഓഫീസർ